**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3007** **14-02-2024 - ൽ മറുപടിയ്ക്ക്**

**വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നിലവിലുള്ള വനവിസ്തൃതി എത്രയെന്നും ആയത് ദേശീയ ശരാശരിയെക്കാൾ കൂടുതലാണോയെന്നും വ്യക്തമാക്കുമോ; | (എ) | 2021-22 വർഷത്തെ ഭരണ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ വനവിസ്തൃതി 11531.139 ച.കി.മീ ആണ്. ഇത് സംസ്ഥാനത്തെ ആകെ ഭൂവിസ്തൃതിയുടെ 29.67% മാണ്. അതായത് ദേശീയ ശരാശരിയേക്കാൾ 6.43 % കൂടുതൽ ആണ് |
| (ബി) | കഴിഞ്ഞ സർക്കാർ എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട് ; ഈ സർക്കാർ നാളിതുവരെ എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചെടുത്തു ; നിലവിൽ എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിക്കാനുണ്ട്; വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലഭ്യമായ കണക്കുകൾ പ്രകാരം ആകെ 63.8957 ഹെക്ടർ വനഭൂമി കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആകെ 13.956 ഹെക്ടർ വനഭൂമി കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. ഭരണ റിപ്പോർട്ട് പ്രകാരം നിലവിൽ 01.01.1977-ന് ശേഷം നാളിതുവരെ സംസ്ഥാനത്ത് ആകെ 5010.579 ഹെക്ടർ വനഭൂമി കയ്യേറ്റം ഒഴിപ്പിക്കാനുണ്ട്. മേൽ കണക്കുകളുടെ ജില്ല തിരിച്ചുള്ള കണക്കു വിവരം അനക്സർ-1 ആയി ഇതോടൊപ്പം ചേർക്കുന്നു. |
| (സി) | വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് നിലവിൽ എത്ര കേസുകൾ തീർപ്പാക്കാനുണ്ട്; ഇത്തരം കേസുകൾ തീർപ്പാക്കുന്നതിനും കയ്യേറ്റക്കാരെ കർശന ശിക്ഷയ്ക്ക് വിധേയമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (സി) | വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് നിലവിൽ ലഭ്യമായ കണക്കുകൾ പ്രകാരം 204 കേസ്സുകൾ തീർപ്പാക്കാനുണ്ട്. വനം കയ്യേറ്റക്കാരെ വനം നിയമപ്രകാരമുള്ള കർശന ശിക്ഷയ്ക്ക് വിധേയമാക്കുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിച്ചു വരുന്നു. കോടതിയുടെ പരിഗണനയിലുള്ള കേസുകളിൽ സർക്കാർ താൽപര്യം സംരക്ഷിക്കുന്നതിനായി സർക്കാർ അഭിഭാഷകരുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**Annexure - I**

| വനം സർക്കിൾ | ജില്ല | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വനഭൂമി കയ്യേറ്റം ഒഴിപ്പിച്ചത്(ഹെക്ടർ) | ഈ സർക്കാരിന്റെ കാലത്ത് വനഭൂമി കയ്യേറ്റം ഒഴിപ്പിച്ചത്(ഹെക്ടർ) | 01.01.1977നു ശേഷം നാളിതു വരെ ഇനി വനഭൂമി കയ്യേറ്റം ഒഴിപ്പിക്കാനുള്ളത് (ഹെക്ടർ) |
|---|---|---|---|---|
| സതേൺ സർക്കിൾ | തിരുവനന്തപുരം | 0.02427 | 0 | 0.59202 |
| | പത്തനംതിട്ട | 0 | 0 | 12.3302 |
| | കൊല്ലം | 0.12138 | 2.63 | 0.5630 |
| ഹൈറേഞ്ച് സർക്കിൾ | ഇടുക്കി | 25.6229 | 6.0631 | 1452.0462 |
| | കോട്ടയം | 0 | 0 | 105.8837 |
| | എറണാകുളം | 0 | 0 | 434.0366 |
| സെൻട്രൽ സർക്കിൾ | തൃശ്ശൂർ | 0.1699 | 0 | 191.9574 |
| | എറണാകുളം | 0 | 0 | 127.655 |
| ഈസ്റ്റേൺ സർക്കിൾ | മലപ്പുറം | 0 | 1.983 | 658.0078 |
| | പാലക്കാട് | 20.7939 | 2.1097 | 937.5062 |
| നോർത്തേൺ സർക്കിൾ | കണ്ണൂർ | 0 | 0 | 50.657 |
| | കാസർഗോഡ് | 0 | 0 | 22.67 |
| നോർത്തേൺ സർക്കിൾ (ടി.എസ്. കോഴിക്കോട്) | കോഴിക്കോട് | 8.889 | 0.89 | 63.3055 |
| നോർത്തേൺ സർക്കിൾ (നോ. വയനാട്) | വയനാട് | 0 | 0.159 | 203.3533 |
| നോർത്തേൺ സർക്കിൾ (സൗ.വയനാട്) | | 7.0404 | 0.0201 | 717.6099 |
| എ.ബി.പി. തിരുവനന്തപുരം | തിരുവനന്തപുരം | 1.234 | 0.1011 | 0 |
| എഫ്.ഡി.പി.റ്റി. കോട്ടയം | ഇടുക്കി | 0 | 0 | 4.388 |
| വൈൽഡ്‌ലൈഫ് സർക്കിൾ പാലക്കാട് | പാലക്കാട് | 0 | 0 | 11.5785 |
| | കണ്ണൂർ | 0 | 0 | 2.000 |
| | വയനാട് | 0 | 0 | 0.6428 |
| ആകെ | | **63.89575** | **13.956** | **5010.579** |